**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്- റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (ആർ.കെ.ഐ) കീഴിൽ നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതികൾ, നിലവിൽ അംഗീകരിച്ചിട്ടുള്ള പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് എന്നിവ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തിക കാര്യ (RKI) വകുപ്പ്**

സ.ഉ.(കൈ) നം.17/2021/പ്ലാനിംഗ് തിരുവനന്തപുരം,തീയതി, 11/06/2021

---

പരാമർശം:- 1. 09/11/2018-ലെ സ.ഉ. (അ) 16/2018/ആ.സാ.വ. നമ്പർ സർക്കാർ ഉത്തരവ്.

2. 17/05/2021-ൽ ചേർന്ന ആർ.കെ.ഐ. ഉന്നതാധികാര സമിതിയോഗത്തിന്റെ നടപടിക്കുറിപ്പ് .

**<u>ഉത്തരവ്</u>**

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) ഉന്നതാധികാര സമിതിയുടെ 17/05/2021-ലെ യോഗം ആർ.കെ.ഐ. പദ്ധതികളുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങൾ പരിഗണിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**2.** സർക്കാർ ഉന്നതാധികാര സമിതിയുടെ ശുപാർശകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു;

**(i)** ചേർത്തല മുനിസിപ്പാലിറ്റിയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായുള്ള പദ്ധതി, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ഏകദേശം 5.25കോടി രൂപ (അഞ്ചു കോടി ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) ചെലവിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുന്നു.

**(ii)** കുട്ടനാട്ടിലെ വൈദ്യുതപ്രസരണസംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആർ.കെ.ഐ-യ്ക്ക് കീഴിൽ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതിയുടെ ചെലവ് 42.60 കോടി രൂപയിൽ നിന്ന് 53.55 കോടി (അൻപത്തി മൂന്ന് കോടി അൻപത്തി അഞ്ച് ലക്ഷം രൂപ മാത്രം) രൂപയായി പുതുക്കുന്നതിന് അംഗീകാരം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് കുമാർ സിംഗ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :
ബന്ധപ്പെട്ട വകുപ്പുകൾ
ധനകാര്യ വകുപ്പ്/ ആസൂത്രണ- സാമ്പത്തികകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി.) വകുപ്പ് (09/06/2021-ലെ മന്ത്രിസഭാ യോഗത്തിന്റെ ഇനം നമ്പർ 30-മേലുള്ള തീരുമാനപ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം.RKI1/25/2021-PLGEA).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 09-06-2021

ഫയൽ നം. ആർ.കെ.ഐ.-1/25/2021/ആസൂത്രണം. ഇനം നം: 30

വിഷയം : ആസൂത്രണ-സാമ്പത്തികകാര്യവകുപ്പ് - ആർ.കെ.ഐ.-യിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതികൾ/എസ്റ്റിമേറ്റുകൾ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്.

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (ആർ.കെ.ഐ) കീഴിൽ നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതികളുടെ അംഗീകാരം, നിലവിൽ അംഗീകരിച്ചിട്ടുള്ള പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കൽ എന്നിവ സംബന്ധിച്ചാണ് ഈ കുറിപ്പ്.

**2.** 09/11/2018-ലെ സ.ഉ(അ)നം.16/2018/ആ.സാ.വ ഉത്തരവ് പ്രകാരം ആർ.കെ.ഐ-യിൽ ഉൾപ്പെടുത്തേണ്ട പദ്ധതി നിർദേശങ്ങൾ, അംഗീകരിച്ച പദ്ധതികളിലെ കാതലായ വ്യതിയാനങ്ങൾ എന്നിവ മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്.

**3.** റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ) ഉന്നതാധികാര സമിതിയുടെ 17/05/2021-ലെ യോഗം ആർ.കെ.ഐ പദ്ധതികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. യോഗത്തിന്റെ നടപടിക്കുറിപ്പ് **അനുബന്ധം-1** ആയി ചേർത്തിരിക്കുന്നു.

### a) തദ്ദേശസ്വയംഭരണ വകുപ്പ്- ചേർത്തല മുനിസിപ്പാലിറ്റിക്കായി സെപ്റ്റേജ് ട്രീറ്റ്മെൻ്റ് പ്ലാന്റ് സ്ഥാപിക്കൽ : 5.25 കോടി രൂപ

ചേർത്തല മുനിസിപ്പാലിറ്റിയിലെ സെപ്റ്റേജ് മാലിന്യ സംസ്കരണത്തിനായി 250 KLD ശേഷിയുള്ള പ്ലാൻ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിർദേശം തദ്ദേശ സ്വയം ഭരണ വകുപ്പിനു കീഴിലുള്ള IMPACT-കേരള സമർപ്പിച്ചു. മാലിന്യം ട്രക്കുകളിൽ ശേഖരിച്ച് പ്ലാന്റിൽ എത്തിക്കുകയും ഇവയുടെ കാര്യക്ഷമവും ശാസ്ത്രീയവുമായ സംസ്കരണം ഉറപ്പുവരുത്തുകയും ചെയ്യുന്ന രീതിയിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി, Design Build Operate (DBO) മാതൃകയിൽ 5 വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് (O&M) അടക്കം കരാറ് ചെയ്ത് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിഷയം പരിശോധിച്ച ആർ.കെ.ഐ ഉന്നതാധികാര സമിതി, മന്ത്രിസഭായോഗത്തിന്റെ തത്വത്തിലുള്ള അനുമതിക്ക് വിധേയമായി, പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് ആർ.കെ.ഐ-യെ ചുമതലപ്പെടുത്തി. പദ്ധതിക്ക് ധനസഹായം അനുവദിക്കുന്നതിന് മുമ്പ് താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പു വരുത്തണമെന്നും ഉന്നതാധികാര സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

i) പദ്ധതിയുടെ ഉടമസ്ഥതയും അനുബന്ധ ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനം ഏറ്റെടുക്കുന്നു എന്ന് തെളിയിക്കുന്ന രേഖകൾ.

ii) പദ്ധതിക്ക് ഭൂമി അനുവദിച്ചു കൊണ്ടുള്ള മുനിസിപ്പാലിറ്റി രേഖകൾ.

പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു.

### (b) വൈദ്യുതി വകുപ്പ് - കെ.എസ്.ഇ.ബി - കുട്ടനാട് പ്രളയ അതിജീവന പാക്കേജ് - പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കൽ : 53.55 കോടി രൂപ

കുട്ടനാട്ടിലെ വൈദ്യുതപ്രസരണസംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കുട്ടനാട് പ്രളയ അതിജീവന പാക്കേജിന്റെ ഭാഗമായി 42.60 കോടി രൂപക്കുള്ള പദ്ധതി ആർ.കെ.ഐ-ക്കു കീഴിൽ നടപ്പാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ പദ്ധതി തുക 53.55 കോടി രൂപയായി പുതുക്കി നൽകണമെന്ന് കെ.എസ്.ഇ.ബി അഭ്യർത്ഥിച്ചു.

i ) മണ്ണ് പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ, ലൈൻ റൂട്ടിൽ പലയിടങ്ങളിലും ടവർ ഫൗണ്ടേഷന്റെ രൂപകല്പനയിൽ മാറ്റങ്ങൾ വരുത്തേണ്ടി വന്നതിനാൽ കുട്ടനാട് സബ് സ്റ്റേഷൻ സംബന്ധിച്ച പദ്ധതിഘടകത്തിന്റെ എസ്റ്റിമേറ്റ് 14.20 കോടി രൂപയിൽ നിന്ന് 19.25 കോടി രൂപയായി വർധിച്ചു.

ii) കാവാലം എല്ലാ വർഷവും പ്രളയബാധിതമാകുന്ന പ്രദേശമായതിനാൽ, അവിടെ എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷന് (AIS) പകരം ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (GIS) സ്ഥാപിക്കാൻ തീരുമാനിച്ചു. ഇത് പ്രകാരം ഭൂമിയുടെ ആവശ്യം 135 സെന്റിൽ നിന്ന് 60 സെന്റായി കുറയ്ക്കാനും സാധിച്ചു. എന്നാൽ കളിമണ്ണ് നിറഞ്ഞ, ഉറപ്പ് കുറഞ്ഞ പ്രദേശമായതിനാൽ പൈലിങ് ആവശ്യം വർധിക്കുകയും കാവാലം പദ്ധതി ഘടകത്തിന്റെ എസ്റ്റിമേറ്റ് 15.85 കോടി രൂപയിൽ നിന്ന് 20.50 കോടി രൂപയായി വർധിക്കുകയും ചെയ്തു.

iii) ഫൗണ്ടേഷൻ രൂപകല്പനയിലെ വ്യത്യാസങ്ങൾ, കിടങ്ങറ സബ്സ്റ്റേഷൻ ഫീഡ് ചെയ്യുന്നതിന് ഇടത്വ സബ്സ്റ്റേഷനിൽ 33 KV ഫീഡർബേ സ്ഥാപിക്കൽ, മരം മുറിക്കുന്നതിനുള്ള കൊമ്പൻസേഷൻ, സ്റ്റാറ്റ്യൂട്ടറി ഫീസ് മുതലായ ഇനങ്ങളിൽ കിടങ്ങറ സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട പദ്ധതി ഘടകത്തിന്റെ എസ്റ്റിമേറ്റ് തുക 12.55 കോടി രൂപയിൽ നിന്ന് 13.80 കോടി രൂപയിലേക്ക് ഉയർന്നു.

വിഷയം പരിശോധിച്ച ഉന്നതാധികാര സമിതി, ആദ്യഘട്ടത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ കെ.എസ്.ഇ.ബി വരുത്തിയ ജാഗ്രതക്കുറവിൽ അതൃപ്തി രേഖപ്പെടുത്തി. എന്നിരുന്നാലും, പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് പുതുക്കിയ എസ്റ്റിമേറ്റ് സമിതി അംഗീകരിക്കുകയും, മന്ത്രിസഭയുടെ അനുമതിക്ക് വിധേയമായി ഭരണാനുമതി പുതുക്കുന്നതിന് ആർ.കെ.ഐ-യെ ചുമതലപ്പെടുത്തുകയും ചെയ്തു. പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധം-3** ആയി ചേർക്കുന്നു.

**4.** ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം:</u>**

**1. ചേർത്തല മുനിസിപ്പാലിറ്റിയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായുള്ള പദ്ധതി, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ഏകദേശം 5.25 കോടി രൂപ ( അഞ്ചു കോടി ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) ചെലവിൽ, ഖണ്ഡിക 3(a) യിൽ സൂചിപ്പിച്ച പ്രകാരം നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകാമോ?**

**2. കുട്ടനാട്ടിലെ വൈദ്യുതപ്രസരണസംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതിയുടെ ചെലവ് 42.60 കോടി രൂപയിൽ നിന്ന് 53.55 കോടി (അൻപത്തി മൂന്ന് കോടി അൻപത്തി അഞ്ച് ലക്ഷം രൂപ മാത്രം) രൂപയായി പുതുക്കുന്നതിന് അംഗീകാരം നൽകാമോ?**